**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2404 08/07/2015 -ൽ മറുപടിയ്ക്ക്

**ഉന്നതവിദ്യാഭ്യാസത്തിന് പട്ടികവിഭാഗ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | **ശ്രീ.എ.പി. അനിൽകുമാർ,**<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും, വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| എ) | പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന പ്രൊഫഷണൽ/ ഉന്നത വിദ്യാഭ്യാസം നടത്തുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ ഇപ്പോൾ നൽകി വരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | എ) | ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് സർക്കാർ അംഗീകരിച്ച ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ്, പരീക്ഷാ ഫീസ്, ഹോസ്റ്റൽ ഫീസാനുകൂല്യങ്ങൾ, പോക്കറ്റ് മണി എന്നിവ നൽകി വരുന്നു. കൂടാതെ 1 ലക്ഷം രൂപയിൽത്താഴെ കുടുംബ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾ MBBS, BDS എന്നീ കോഴ്സുകൾക്ക് പ്രവേശനം നേടിയാൽ 10,000/-രൂപ, എഞ്ചിനീയറിംഗ് പ്രവേശനം നേടിയാൽ 5,000/-രൂപ എന്നീ നിരക്കിൽ പ്രാരംഭ ചെലവിനുള്ള ഗ്രാന്റ് നൽകി വരുന്നു. ഒന്നാം വർഷ MBBS വിദ്യാർത്ഥികൾക്ക് 5,800/-രൂപ ക്രമത്തിൽ സ്റ്റെതസ്കോപ്പ് വാങ്ങുന്നതിനുള്ള ഗ്രാന്റ് കഴിഞ്ഞ അദ്ധ്യയന വർഷം അനുവദിച്ച് നൽകിയിട്ടുണ്ട്. |
| ബി | ഉന്നത വിദ്യാഭ്യാസം നടത്തുന്ന പട്ടിക വിഭാഗ വിദ്യാർത്ഥികൾക്ക് താമസിക്കുന്നതിന് സർക്കാർ/ എയിഡഡ് കോളേജുകളിൽ ഹോസ്റ്റലുകൾ ഇല്ലാത്ത സാഹചര്യത്തിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഇവർക്കായി പകരം ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ; | ബി | ഹോസ്റ്റൽ സൗകര്യം ഇല്ലാത്ത കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ, പോസ്റ്റ് മെട്രിക് ഹോസ്റ്റലിൽ പ്രവേശനത്തിന് അപേക്ഷിച്ചിട്ട് പ്രവേശനം ലഭ്യമാകാത്തവർ സ്വന്തം നിലയ്ക്ക് സ്ഥാപനത്തിനടുത്ത് താമസിച്ച് പഠിക്കുകയാണെങ്കിൽ 1500/-രൂപ ബോർഡിംഗ് ഗ്രാന്റായി അനുവദിച്ച് വരുന്നു. |

| | | | |
|---|---|---|---|
| സി | സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷൻ ലഭിക്കുന്ന പട്ടിക വിഭാഗം വിദ്യാർത്ഥികൾക്ക് എന്തൊക്കെ സൗകര്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ; | സി | സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പൊതു പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് മെമ്മോ പ്രകാരം അഡ്മിഷൻ ലഭിക്കുന്ന പട്ടിക വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യത്തിന് പുറമെ ഹോസ്റ്റൽ സൗകര്യവും ലഭ്യമാക്കുന്നുണ്ട്. |
| ഡി | പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ് കമ്പ്യൂട്ടർ നൽകുമെന്ന സർക്കാർ പ്രഖ്യാപന പ്രകാരം ഓരോ വർഷവും എത്ര വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | ഡി | പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകുമെന്ന സർക്കാർ പ്രഖ്യാപന പ്രകാരം 2012-13 വർഷം മാത്രമാണ് വിതരണം നടന്നിട്ടുള്ളത്. ആയത് നൽകിയ വിദ്യാർത്ഥികളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.<br><br>**ജില്ല** — **എണ്ണം**<br>തിരുവനന്തപുരം — 615<br>കൊല്ലം — 344<br>പത്തനംതിട്ട — 151<br>ആലപ്പുഴ — 278<br>കോട്ടയം — 224<br>ഇടുക്കി — 119<br>എറണാകുളം — 670<br>തൃശ്ശൂർ — 359<br>പാലക്കാട് — 251<br>മലപ്പുറം — 127<br>കോഴിക്കോട് — 352<br>വയനാട് — 38<br>കണ്ണൂർ — 141<br>കാസർഗോഡ് — 81<br>**മൊത്തം** — **3750 എണ്ണം** |

| | | | |
|---|---|---|---|
| ഇ) | കഴിഞ്ഞ വർഷം നൽകേണ്ട ലാപ്ടോപ് കമ്പ്യൂട്ടറുകളുടെ വിതരണം ഇനിയും നടന്നിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം വ്യക്തമാക്കുമോ; എന്നത്തേക്ക് ഇവയുടെ വിതരണം നടത്താൻ കഴിയുമെന്നും ഈ പദ്ധതി തുടരുവാൻ തയ്യാറാകുമോയെന്നും വിശദീകരിക്കുമോ; | ഇ) | ഉണ്ട്. ചില സാങ്കേതിക കാരണങ്ങളാലാണ് പദ്ധതി നടപ്പിലാക്കാൻ കഴിയാതിരുന്നത്. നടപ്പു വർഷം പഠനം തുടരുന്ന മുൻ വർഷത്തെ കുട്ടികളെക്കൂടി ഉൾപ്പെടുത്തി ഈ അദ്ധ്യയനവർഷം പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയായാലുടൻ ലാപ്ടോപ് വിതരണം ആരംഭിക്കുന്നതാണ്. ടി പദ്ധതി തുടരുവാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ.